പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3715** **19.03.2018-ൽ മറുപടിക്ക്**

**<u>സൈൻ ബോർഡുകൾ മറയുന്ന രീതിയിൽ പരസ്യ ബോർഡുകൾ</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന, ദേശീയ പാതകളിൽ സൈൻ ബോർഡുകൾ മറയുന്ന രീതിയിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് അപകടം വർദ്ധിപ്പിക്കുന്നതിന് ഇടവരുത്തുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) സൈൻ ബോർഡുകൾ മറയുന്ന രീതിയിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നത് വാഹനങ്ങളിലെ ഡ്രൈവർമാരുടെ ശ്രദ്ധ മാറ്റുകയും റോഡ് സുരക്ഷാ സന്ദേശം ലഭിക്കാതിരിക്കുകയും ചെയ്യുന്നു. ഇത് അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നു. ഇന്ത്യൻ റോഡ് കോൺഗ്രസ്സ് കോഡ് 46: 1972 മാനദണ്ഡമനുസരിച്ച് ജംഗ്ഷനുകൾ, പാലങ്ങൾ എന്നിവ 100 മീറ്റർ പരിധിയിലും എതിരെ വരുന്നതും കൂടിച്ചേരുന്നതുമായ വാഹനങ്ങളുടേയും കാഴ്ച മറയ്ക്കുന്ന തരത്തിലോ, ഗതാഗത ഉപരിതലത്തിന്റെ അരികിൽ നിന്നും 10 മീറ്ററിനകത്തും പരസ്യബോർഡുകൾ അനുവദനീയമല്ല. |
| (സി) എങ്കിൽ ഇത്തരം നടപടി ഒഴിവാക്കുന്നതിലേക്ക് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) കേരള പൊതുമരാമത്ത് വകുപ്പ് റോഡിലോ പരിസരത്തോ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്നില്ല. ഇന്ത്യൻ റോഡ് കോൺഗ്രസ്സ് കോഡ് 46: 1972 മാനദണ്ഡമനുസരിച്ച് ജംഗ്ഷനുകൾ, പാലങ്ങൾ എന്നിവ 100 മീറ്റർ പരിധിയിലും എതിരെ വരുന്നതും കൂടിച്ചേരുന്നതുമായ വാഹനങ്ങളുടേയും കാഴ്ച മറയ്ക്കുന്ന തരത്തിലോ, ഗതാഗത ഉപരിതലത്തിന്റെ അരികിൽ നിന്നും 10 മീറ്ററിനകത്തും പരസ്യബോർഡുകൾ അനുവദനീയമല്ല. അനുവാദമില്ലാതെ സ്ഥാപിക്കുന്ന പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിന് 1999-ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഹൈവേ അതോറിറ്റിക്ക് (എക്സിക്യൂട്ടീവ് എഞ്ചിനീയർ) അധികാരം നൽകുന്നുണ്ട്. അവ നീക്കം ചെയ്യുന്നതിനു വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ